# കൂടുതൽ മെഡിക്കൽ പി.ജി. സീറ്റുകൾ ആവശ്യപ്പെട്ട് 'സേവ് ദി ഡോക്ടർ'

കൊച്ചി: രാജ്യത്തെ മെഡിക്കൽ ബിരുദ, ബിരുദാനന്തര സീറ്റുകൾ തുല്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ.), അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് ഇന്ത്യ (എ.എച്ച്.പി.ഐ.) എന്നീ സംഘടനകളും മെഡിക്കൽ വിദ്യാർഥികളുടെ പ്രതിനിധികളും ചേർന്നു സേവ് ദി ഡോക്ടർ എന്ന ദേശീയ പ്രസ്ഥാനത്തിനു തുടക്കമിട്ടു.

ബിരുദാനന്തര സീറ്റുകൾ വർധിപ്പിക്കുന്നതിനായി സർക്കാരിലുൾപ്പെടെ സ്വാധീനം ചെലുത്തുകയാണു പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഗ്രാമീണസേവനത്തെ ഇന്റേൺഷിപ്പിന്റെയും ട്രെയ്നിങ്ങിന്റെയും ഭാഗമാക്കണമെന്നും പ്രസ്ഥാനം ആവശ്യപ്പെടുന്നു.

മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പി.ജി. സീറ്റുകളുടെ കുറവു കാരണം ഇന്ത്യയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർക്ക് വൻക്ഷാമമാണ് അനുഭവപ്പെടുന്നത്. ഇതിങ്ങനെ തുടർന്നാൽ ഭാവിയിൽ ആരോഗ്യ സംരക്ഷണ മേഖല വലിയ പ്രതിസന്ധിയിലാവുമെന്ന് എ.എച്ച്.പി.ഐ. ട്രഷറർ ഡോ. ദേവി ഷെട്ടി ചൂണ്ടിക്കാട്ടി.